**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3775** **15-07-2022 - ൽ മറുപടിയ്ക്ക്**

**പൊതു സേവന നിർവ്വഹണത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ ഭരണ പരിഷ്കാര-പൊതു പരാതി വകുപ്പ് സമർപ്പിച്ച നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസ്സെസ് മെന്റ് പ്രകാരം കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് എത്തുന്നതിന് സഹായിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസ്സെസ്സ്മെന്റ് പ്രകാരം കേരളത്തിന്റെ സ്ഥാനം ഒന്നാമതാകാൻ കാരണം കേരള സ്റ്റേറ്റ് പോർട്ടൽ, ഇ-സേവനം സർവീസ് പോർട്ടൽ എന്നിവയിലെ മികവാണ്. അസ്സെസ്സ്മെന്റിൽ ഉപയോഗിച്ച ഘടകങ്ങൾ ഇവയാണ്.<br>1. ആക്സിസിബിലിറ്റി<br>2. കൺടെന്റ് അവൈലബിലിറ്റി<br>3. ഈസ് ഓഫ് യൂസ്<br>4. ഇൻഫർമേഷൻ സെക്യൂരിറ്റി ആൻഡ് പ്രൈവസി<br>5. എൻഡ് സർവീസ് ഡെലിവറി<br>6. ഇന്റഗ്രേറ്റഡ് സർവീസ് ഡെലിവറി<br>7. സ്റ്റാറ്റസ് & റിക്വസ്റ്റ് ട്രാക്കിംഗ് |
| (ബി) | ഏതെല്ലാം മേഖലകളിലെ ഈ-ഗവേർണൻസ് വഴിയുള്ള പൊതു സേവന നിർവ്വഹണത്തിലെ മികവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | വിവിധ വകുപ്പുകളുടെ ഫിനാൻസ്, ലേബർ & എംപ്ലോയ്മെന്റ്, വിദ്യാഭ്യാസം, ലോക്കൽ ഗവേർണൻസ് & യൂട്ടിലിറ്റി സേവനങ്ങൾ, സോഷ്യൽ വെൽഫെയർ, പരിസ്ഥിതി, ടൂറിസം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പരിഗണനയ്ക്ക് എടുത്തിട്ടുള്ളത്. |
| (സി) | സുതാര്യവും മെച്ചപ്പെട്ടതുമായ സർക്കാർ സേവനങ്ങൾ ജനങ്ങളുടെ അവകാശമാണെന്ന നിലപാടിന് ലഭിച്ച അംഗീകാരമായി ഇതിനെ കാണുന്നുണ്ടോ; | (സി) | മെച്ചപ്പെട്ട നിലയിൽ സേവനങ്ങൾ ജനങ്ങളിലേക്ക് സർക്കാർ പോർട്ടൽ വഴി എത്തിച്ചതിനുള്ള അംഗീകാരമാണ്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിൽ ഇതര സംസ്ഥാനങ്ങളുടെ | (ഡി) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെൻറ് ഓഫ് |

| | | | |
|---|---|---|---|
| | പ്രവർത്തന മികവുമായി നടത്തിയിട്ടുള്ള താരതമ്യ പഠനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ? | | അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസെസ് നടത്തിയ പഠന പ്രകാരം (നാഷണൽ ഇ-ഗവേണൻസ് സർവീസ് ഡെലിവറി അസ്സെസ്സ്മെന്റ്) 2019 ലും 2021 -ലും ഇ-ഗവേണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാന പോർട്ടൽ ഒന്നാം സ്ഥാനത്ത് എത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ